**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2619** **12-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണന ശൃംഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണന ശൃംഖല ശക്തിപ്പെടുത്തുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങ ളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉല്പന്നങ്ങൾ ലഭ്യമാക്കുക, ദേശീയ അന്തർദേശീയ വിപണിയിലേക്ക് ചുവടു വയ്ക്കുക, പ്രധാന സ്ഥലങ്ങളിൽ ഔട്ട്-ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധനാ ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നീ ലക്ഷ്യ സാക്ഷാത്ക്കാരത്തിനായി സഹകരണ വകുപ്പ് "ബ്രാന്റിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പൈലറ്റ് അടിസ്ഥാനത്തിൽ 14 ജില്ലകളിൽ 14 സഹകരണ ഉൽപ്പന്ന വിപണന ശാലകളായ coopmartകൾ ആരംഭിച്ചു. സഹകരണ സംഘങ്ങളുടെ ഉൽപ്പന്ന ങ്ങളുടെ ഗുണനിലവാരത്തിന്റെയും മറ്റ് യോഗ്യതയുടെയും അടിസ്ഥാനത്തിൽ സഹകരണ സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നതിനായി രൂപ കൽപ്പന ചെയ്ത coopkerala എന്ന ബ്രാൻഡ് മാർക്കിനും ഔട്ട്-ലെറ്റുകളുടെ പേരായ coopmart എന്ന Trade Name നും 1999ലെ Trademarks Act പ്രകാരം സെൻട്രൽ ഗവണ്മെന്റ് രജിസ്ട്രിയിൽ നിന്നും രജിസ്ട്രേഷൻ ലഭ്യമായിട്ടുണ്ട്. സഹകരണ ഉൽപ്പന്നങ്ങൾക്ക് coopkerala മാർക്ക് അനുവദിക്കുന്ന തിനായി ഉല്പാദക സഹകരണ സംഘങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനായുള്ള ബ്രാൻഡിംഗ് നടത്തുന്നതിനും ഇ-കോമേഴ്സിനുമായി സഹകരണമേഖലയിൽ ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നോ; പ്രസ്തുത പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകുന്നതിനായി അതുമായി ബന്ധപ്പെട്ട എക്സ്പേർട്ട്, ഫുഡ്സേഫ്റ്റി ഉദ്യോഗസ്ഥൻ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, സഹകരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവ ഉൾപ്പെട്ട 11 അംഗ മാനേജിംഗ് കമ്മിറ്റിയെ |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തിയിട്ടുള്ളതും, പദ്ധതി യുടെ ഭാഗമായി E-selling mobile application & Web application software തയ്യാറാക്കുവാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ആയത് തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗതിയിലാണ്. ആദ്യഘട്ടം എന്ന നിലയിൽ ഔട്ട്-ലെറ്റുകൾക്ക് ആവശ്യമായ സാധന ങ്ങളുടെ സ്റ്റോക്ക് വിവരം മനസ്സിലാക്കി മൊബൈൽ വഴിയോ വെബ്സൈറ്റ് മുഖേനയോ ഉല്പാദകർക്ക് ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയും വിധമുള്ള സോഫ്റ്റ്‌വെയർ ആണ് രൂപം നൽകുക. |

സെക്ഷൻ ഓഫീസർ